ഫാറം - II

[ചട്ടം 16(1) കാണുക ]

ഗുരുവായൂർ മുനിസിപ്പാലിറ്റി

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016 -ലെ 9 -ാം ആക്ട് ) -ലെ
36 -ാം വകുപ്പ് 1 -ാം ഉപവകുപ്പ് പ്രകാരം ഗുരുവായൂർ നഗരത്തിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ
പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം

നഗരകേന്ദ്രങ്ങളുടെ വികസനത്തിന് മാർഗ്ഗ നിർദ്ദേശം നൽകേണ്ടതിന്റെ ആവശ്യകതയും അടിയന്തിരതയും മനസിലാക്കി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന അമൃത് പദ്ധതിയുടെ ഉപപദ്ധതിയിൻ കീഴിൽ ഗുരുവായൂർ മുനിസിപ്പൽ പ്രദേശത്തിന് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് തദ്ദേശ സ്വയം ഭരണവകുപ്പ് പ്ലാനിംഗ് മുഖേന 2016 -ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ചീഫ് ടൗൺ പ്ലാനർ തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോട് കൂടി സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം.

2016-ലെ നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36 -ാം വകുപ്പ് 1 -ാം ഉപവകുപ്പ് പ്രകാരം ഗുരുവായൂർ മുനിസിപ്പൽ കൗൺസിൽ താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോട് കൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോട് കൂടി സ്വീകരിക്കുവാൻ 30.08.2022 തീയതിയിൽ നടന്ന യോഗത്തിലെ 1 -ാം നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

എ) അതിരുകൾ :

വടക്ക് - വടക്കേക്കാട് ഗ്രാമപഞ്ചായത്ത് , കുന്നംകുളം മുനിസിപ്പാലിറ്റി

കിഴക്ക്- കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, കുന്നംകുളം മുനിസിപ്പാലിറ്റി

തെക്ക്- എളവള്ളി,പാവറട്ടി ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ്- ഒരുമനയൂർ ,പുന്നയൂർ ഗ്രാമപഞ്ചായത്തുകൾ, ചാവക്കാട് മുനിസിപ്പാലിറ്റി

ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി

2966 ഹെക്ടർ

2016 -ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36 -ാം വകുപ്പ്, 1 -ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സെക്രട്ടറി ചെയർമാൻ

സ്ഥലം : ഗുരുവായൂർ

തീയതി : 28/10/2022

മുനിസിപ്പൽ ഓഫീസ് ഗുരുവായൂർ